**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4549</u>** **<u>19-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പാമ്പ് കടിയേറ്റവർക്കുള്ള ചികിത്സാ സഹായം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാമ്പ് കടിയേറ്റ് ചികിത്സ ചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് വനം വകുപ്പ് ലഭ്യമാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | 05.04.2018 ലെ സ.ഉ. (കൈ) നം. 17/2018/വനം പ്രകാരം വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിക്കുന്ന വ്യക്തികൾക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ പാമ്പുടിയുൾപ്പെടെയുള്ള വന്യജീവി ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും, പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെല വാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ നഷ്ടപരിഹാര തുക ലഭിക്കുന്നതിന് ഇ-ഡിസ്ട്രിക്റ്റ് ഓൺലൈൻ പോർട്ടൽ മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ